"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡിഡി2/256/2024/എൽ.എസ്.ജി.ഡി
തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 12-06-2025

**സർക്കുലർ**

വിഷയം:- എൽ.എസ്.ജി.ഡി. - MGNREGS - മേറ്റുമാരുടെ നിയമനവും സേവന വ്യവസ്ഥകളും സംബന്ധിച്ച അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച 05.09.2022 തീയതിയിലെ സർക്കുലർ നം..ഡിഡി2/316/2022/എൽ.എസ്.ജി.ഡി. - ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്

സൂചന:- 1.സർക്കുലർ നമ്പർ ഡി.ഡി.2/253/2020/എൽ.എസ്.ജി.ഡി. തിയതി. 09.02.2021.

2.സർക്കുലർ നം..ഡിഡി2/316/2022/എൽ.എസ്.ജി.ഡി. തീയതി 05.09.2022.

3.മിഷൻ ഡയറക്ടറുടെ 25.10.2024, 22.05.2025 എന്നീ തീയതികളിലെ NREGA/207/2021-B1 നമ്പർ കത്ത്.

4.പ്രിൻസിപ്പൽ ഡയറക്ടറുടെ 22.05.2025 തിയതിയിലെ LSGD/PD/12692/2025-CSSA4 നമ്പർ കത്ത്.

********************

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ (MGNREGS) മേറ്റുമാരുടെ നിയമനവും സേവന വ്യവസ്ഥകളും സംബന്ധിച്ച പുതുക്കിയ നിർദേശങ്ങൾ സൂചന (1) സർക്കുലർ പ്രകാരവും അധിക നിർദേശങ്ങൾ സൂചന (2) സർക്കുലർ പ്രകാരവും പുറപ്പെടുവിച്ചിരുന്നു. സൂചന (2) സർക്കുലറിന്റെ ഖണ്ഡിക 19(b) പ്രകാരം "പ്രവൃത്തിയിൽ പങ്കെടുക്കുന്ന തൊഴിലാളികളുടെ മസ്റ്റർറോൾ കാലയളവിലെ പ്രതിദിന ശരാശരി ഹാജർ ഇരുപതിൽ കുറയാൻ പാടില്ല. ഒരു പ്രവൃത്തിയിൽ രണ്ടും, മൂന്നും മേറ്റുകളെ നിയോഗിക്കണമെങ്കിൽ, ഇത് യഥാക്രമം 41, 61 എന്നിങ്ങനെ ആയിരിക്കും" എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിർദേശം കാരണം, പ്രവൃത്തിയിൽ പങ്കെടുക്കുന്ന തൊഴിലാളികളുടെ മസ്റ്റർറോൾ കാലയളവിലെ പ്രതിദിന തൊഴിൽ ശരാശരി ഇരുപതിൽ കുറയുന്ന പക്ഷം ആ പ്രവൃത്തിയുടെ മേറ്റിന് അവിദഗ്ധ കൂലി അടക്കം യാതൊരു പ്രതിഫലവും ലഭിക്കാത്ത സാഹചര്യം, തങ്ങളുടെ വീഴ്ച മൂലം അല്ലാതെ ഉണ്ടാകുന്നു എന്നും ഇത്തരത്തിൽ ചെയ്ത ജോലിയ്ക്ക് കൂലി ലഭിക്കാത്ത സാഹചര്യം ഒഴിവാക്കുവാനായി സർക്കുലറിലെ ഖണ്ഡിക 19(b)യിലെ

വ്യവസ്ഥയിൽ ഇളവ് നല്കി അവർക്ക് വേതനം ഉറപ്പ് വരുത്തണമെന്നും സൂചന (3) പ്രകാരം മിഷൻ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി. ഈ ശുപാർശ അംഗീകരിക്കാവുന്നതാണെന്ന് സൂചന (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുമുണ്ടായി.

2. മേൽ വിവരിച്ച സാഹചര്യത്തിൽ, സൂചന (2) സർക്കുലറിലെ 19(b) ചുവടെപ്പറയുന്ന പ്രകാരം ഭേദഗതി വരുത്തുന്നു;

"(b). പ്രവൃത്തിയിൽ പങ്കെടുക്കുന്ന തൊഴിലാളികളുടെ മസ്റ്റർറോൾ കാലയളവിലെ പ്രതിദിന ശരാശരി ഇരുപത് പേരിൽ കുറയുന്ന പക്ഷം, ഒരു സാമ്പത്തിക വർഷം പരമാവധി 30 അർദ്ധ വിദഗ്ദ്ധ തൊഴിൽദിനങ്ങളേ ലഭിക്കുകയുള്ളൂ എന്ന പരിധിക്ക് വിധേയമായി, പ്രസ്തുത പ്രവൃത്തിയ്ക്ക് അവിദഗ്ദ്ധ തൊഴിലാളികൾക്ക് ലഭ്യമാകുന്ന വേതന തുകയ്ക്ക് തുല്യമായ തുക, അർദ്ധ വിദഗ്ദ്ധ വേതന ഘടകത്തിൽ നിന്നും മേറ്റുമാർക്ക് നൽകാവുന്നതാണ്."

3. മേൽ ഭേദഗതിയോടെ സൂചന (2) സർക്കുലർ നിലനിൽക്കുന്നതാണ്.

SHEEJA R S

ജോയിന്റ് സെക്രട്ടറി

പകർപ്പ്:

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ

എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ/ജില്ലാ കളക്ടർമാർക്കും (മിഷൻ ഡയറക്ടർ മുഖേന)

എല്ലാ MGNREGS ഓംബുഡ്സ്മാൻമാർക്കും, MGNREGS ഓംബുഡ്സ്മാൻ അപ്പലേറ്റ് അതോറിറ്റക്കും (മിഷൻ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വെബ് & ന്യൂ മീഡിയ ( ഐ & പിആർഡി)

സ്റ്റോക്ക് ഫയൽ

Signed by
Nisam N
Date: 13-06-2025 10:35:34

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി